**സബ്മിഷൻ**

**സമരം നടത്തുന്നതിന് പൊതുസ്ഥലം**

ശ്രീ. ബെന്നി ബെഹനാൻ : സർ, സെക്രട്ടേറിയറ്റ് കവാടം സ്ഥിരം സമരവേദിയായി മാറുന്നതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടിലേയ്ക്കാണ് സബ്മിഷനിലൂടെ ശ്രദ്ധക്ഷണിക്കുന്നത്. ഇതിനെക്കുറിച്ച് ഞാൻ പറയേണ്ട കാര്യമില്ല. അങ്ങും സഭയിൽ ഇരിക്കുന്നവരും തിരുവനന്തപുരം നിവാസികളും തിരുവനന്തപുരത്ത് ദിവസേന വന്നുപോകുന്ന പതിനായിക്കണക്കിന് ആളുകളും ഇതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. കേരളത്തിൽ മാത്രമാണ് സെക്രട്ടേറിയറ്റ് പടിക്കൽ സമരം അനുവദിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലില്ല. ബംഗാളിലെ റൈറ്റേഴ്സ് ബിൽഡിംഗിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ നിരോധനാജ്ഞ പ്രഖ്യാപിക്കുകയും അവിടെ സമരം ചെയ്യാൻ പാടില്ലാത്തതുമാണ്. ഡൽഹിയിൽ കേരളഹൗസിന് സമീപത്തുള്ള ജന്തർ മന്ദിറിനെയാണ് സമരവേദിയാക്കി മാറ്റിയിരിക്കുന്നത്. ഡൽഹി മുഖ്യമന്ത്രി ശ്രീ. കെജ്രിവാൾ നടത്തുന്ന സമരംപോലും പാർലമെന്റിന് സമീപത്തോ സെന്റർ സെക്രട്ടേറിയറ്റിന്റെ മുന്നിലോ അല്ല നടക്കുന്നത്. ഈ ആവശ്യം നേരത്തെതന്നെ വരികയും കോടതി ശംഖുമുഖത്തെ സമരവേദിയാക്കി മാറ്റണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ശംഖുമുഖം വളരെ ദൂരത്തിൽ ആയതുകൊണ്ട് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. കോടതിയിൽ നിന്നും ആളുകൾ ഓർഡർ വാങ്ങിയാൽ നമ്മുടെ ജനാധിപത്യത്തിലുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടും. അതുകൊണ്ട് ഇക്കാര്യം വളരെ ഗൗരവമായി കാണണം. സമരത്തോടുള്ള എതിർപ്പല്ല. സമരം വേണം.

സമരം നടത്തുന്ന വേദിയോടാണ് ആളുകൾക്ക് എതിർപ്പ്. അതിന്റെ തിക്താനുഭവം അടുത്തകാലത്ത് കണ്ടതാണ്. ക്ലിഫ് ഹൗസിന്റെ മുന്നിൽ സമരം നടത്തിയപ്പോൾ അതിനെതിരെ സന്ധ്യയെന്ന സ്ത്രീ പ്രതികരിച്ചപ്പോൾ ഇടതുപക്ഷ മുന്നണിക്കുപോലും ആ സമരത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത രീതിയിൽ പൊതുജനാഭിപ്രായമുണ്ടായി. ഞാൻ സമരത്തെ കുറ്റപ്പെടുത്തുകയല്ല. എം.ജി. റോഡിന്റെ ഏറ്റവും ഇടുങ്ങിയ ഭാഗമാണ് സെക്രട്ടേറിയറ്റിന്റെ മുൻവശം. ജനാധിപത്യ സംവിധാനത്തിന് സമരം ആവശ്യമായതുകൊണ്ട് ഞാൻ സമരത്തിന് എതിരല്ല. സമരം നടത്താൻ മറ്റ് സംസ്ഥാനങ്ങളിലും ഡൽഹിയിലും ഉള്ളതുപോലെ ഒരു പൊതുവേദി കണ്ടെത്തുന്നതിന് വേണ്ടി സർവ്വകക്ഷിയോഗം വിളിച്ച് രാഷ്ട്രീയ സമവായമുണ്ടാക്കി തീരുമാനമെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. കേരളത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികളും സാമുദായിക-സർവ്വീസ്-തൊഴിലാളി-സാംസ്കാരിക-മത സംഘടനകളും കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത്, പ്രത്യേകിച്ച് സെക്രട്ടേറിയറ്റും നിയമസഭാ മന്ദിരവും സ്ഥിതി ചെയ്യുന്ന എം.ജി. റോഡ് കേന്ദ്രീകരിച്ച് വർഷങ്ങളായി വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് റാലികളും ജാഥകളും ശക്തിപ്രകടനങ്ങളും നടത്തിവരുന്നുണ്ട്. പ്രസ്തുത ജാഥകളിൽ ചില സന്ദർഭങ്ങളിൽ പതിനായിരക്കണക്കിന് പ്രവർത്തകർ പങ്കെടുക്കാറുണ്ട്. ഇത്തരം ജാഥയും റാലിയും പ്രകടനങ്ങളും നടത്തുന്നതുമൂലം പ്രധാനമായും

തിരുവനന്തപുരം സിറ്റിയുടെ പ്രാന്തപ്രദേശങ്ങളായ ശ്രീകാര്യം, കേശവദാസ പുരം, കവടിയാർ, വെള്ളയമ്പലം, ശാസ്തമംഗലം, വഴുതക്കാട്, തമ്പാനൂർ എന്നിവിടങ്ങളിലും പി.എം.ജി. മുതൽ കിഴക്കേകോട്ട വരെയും കഴക്കൂട്ടം-ചാക്ക ബൈപ്പാസ് റോഡിലുമെല്ലാം ഗതാഗതം മണിക്കൂറുക ളോളം താറുമാറാകുകയും ആയതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാവുകയും കഷ്ടനഷ്ടങ്ങൾ സംഭവിക്കുകയും ഇൻഡ്യൻ ഭരണഘടന ഉറപ്പുനൽകുന്ന സഞ്ചാര സ്വാതന്ത്ര്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ പലപ്പോഴും അധികാരികൾക്ക് സാധിക്കാതെ വരികയും ചെയ്യുന്നു. ഈവിധ ജാഥയിൽ പങ്കെടുക്കുന്ന ചില പ്രകടനക്കാർ കാൽനടയാത്രക്കാരെ റോഡിന്റെ വശങ്ങളിലുള്ള നടപ്പാതകളിലൂടെ നടക്കാനും റോഡ് മുറിച്ച് കടക്കുന്നതിനും അനുവദിക്കാറില്ല. തിരുവനന്തപുരം സിറ്റിയിലെ പ്രധാന വീഥിയായ എം.ജി. റോഡിലെ വാഹന ഗതാഗതം തടസ്സപ്പെടുത്തുന്നതുമൂലം സ്കൂൾ-സർക്കാർ-സർക്കാരേതര സ്ഥാപനങ്ങളുടെ പ്രവർത്തനം നടസ്സപ്പെ ടുന്നു. കൂടാതെ മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, തൈക്കാട് ആശുപത്രി എന്നിവിടങ്ങളിൽ എത്തുന്ന രോഗികൾക്ക് സമയത്ത് ആശുപത്രി യിൽ എത്തുന്നതിന് തടസ്സവും മറ്റ് യാത്രക്കാർക്ക് ബുദ്ധിമുട്ടും റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, എയർപോർട്ട് എന്നീ സ്ഥലങ്ങളിലേയ്ക്കുള്ള യാത്ര ക്കാർക്ക് സമയത്ത് എത്തിപ്പെടാൻ സാധിക്കാതെയും വരുന്നു. നിയമസഭാ സമ്മേളനം നടക്കുന്ന സമയത്ത് ഒരു ദിവസം ശരാശരി 10 മുതൽ 30 വരെ ജാഥകളും പ്രകടനങ്ങളും നിയമസഭാ മന്ദിരത്തിലേയ്ക്കും സെക്രട്ടേറിയറ്റി ലേയ്ക്കും നടക്കാറുണ്ട്. പ്രസ്തുത ജാഥകൾ പലപ്പോഴും അക്രമാസക്തമാവു കയും ചെയ്യുന്നു. ഇത് പോലീസ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും

പരുക്കുകളും വാഹനങ്ങൾക്ക് നാശനഷ്ടവും വരുത്തുന്നു. പ്രകടനങ്ങളും ജാഥകളും റാലികളും നടത്തുന്നതുമൂലം പൊതുജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള മൗലികാവകാശങ്ങൾക്ക് പലപ്പോഴും ഹാനി സംഭവിക്കുന്നു. തിരുവനന്തപുരം സിറ്റിയിൽ നടക്കുന്ന ഇത്തരത്തിലുള്ള സമരങ്ങൾ നിമിത്തം ഗൗരവസ്വഭാവമുള്ള കേസ്സുകളുടെ അന്വേഷണത്തിനു പോലും പോലീസിന് സമയം തികയാതെ വരികയും ദൈനംദിന കാര്യങ്ങൾ നടക്കാതിരിക്കുകയും പൊതുജനങ്ങൾക്ക് പോലീസിന്റെ ഭാഗത്തുനിന്നും ലഭിക്കേണ്ട ന്യായമായ സേവനങ്ങൾ യഥാവിധി നടപ്പാക്കാൻ കഴിയാതെയും വരുന്നു. പൊതുജനങ്ങൾക്ക് അവരുടെ ന്യായമായ സഞ്ചാര സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള അവകാശങ്ങൾക്ക് യാതൊരുവിധ തടസ്സവും വരാത്ത വിധത്തിൽ നിയമം നടപ്പാക്കാൻ അധികാരികൾ പ്രതിജ്ഞാബദ്ധരാണ്. തിരുവനന്തപുരം സിറ്റിയിൽ ഇപ്പോൾ വിവിധ രാഷ്ട്രീയ-സാംസ്കാരിക സംഘടനകൾ നടത്തുന്ന ജാഥകളും പ്രകടനങ്ങളും സിറ്റിയിൽ നിന്നും മാറി തിരക്കുകുറഞ്ഞ ശംഖുമുഖം പോലുള്ള ഏതെങ്കിലും സ്ഥലത്ത് വച്ച് നടത്തുന്നത് കൂടുതൽ സൗകര്യപ്രദവും പൊതുജനത്തിന് ഉചിതവും ആകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. സംസ്ഥാന പോലീസ് മേധാവിയും അഡീഷണൽ ഡയറക്ടർ ജനറലും (ഇന്റലിജൻസ്) സമർപ്പിച്ച റിപ്പോർട്ടിൽ, ജാഥകളും പ്രകടനങ്ങളും സിറ്റിയിൽ നിന്ന് മാറി തിരക്ക് കുറഞ്ഞ ശംഖമുമുഖം ബിച്ച് പോലുള്ള ഏതെങ്കിലും സ്ഥലത്ത് വച്ച് നടത്തുന്നത് സൗകര്യപ്രദമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥരുമായി മുൻ ആഭ്യന്തര വകുപ്പുമന്ത്രി 3-1-2014-ൽ നടത്താൻ നിശ്ചയിച്ചിരുന്ന യോഗം സാങ്കേതിക കാരണങ്ങളാൽ നടന്നില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളു

മായി ഇക്കാര്യം സംബന്ധിച്ച് വിശദമായ ചർച്ച നടത്താൻ സർക്കാർ ആഗ്രഹിക്കുന്നുണ്ട്. വൈകാതെ ഒരു ഓൾ പാർട്ടി മീറ്റിംഗ് ഇതിനായി വിളിക്കുന്നതാണ്. ..........(ബഹളം)...........

മി. സ്പീക്കർ : നിയമസഭയിലെ ഒരു അംഗം സബ്മിഷൻ അവതരിപ്പിക്കുകയും അതിന് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തു.

## വൈഗാ ത്രെഡ്സിന്റെ ഭൂമി ഏറ്റെടുക്കൽ

ശ്രീ. ബി. ഡി. ദേവസ്സി : സർ, 105 തൊഴിലാളികൾ പണിയെടുത്തിരുന്ന കൊരട്ടിയിലെ വൈഗാ ത്രെഡ്സ് എന്ന സ്ഥാപനം 2013 ജനുവരി 23-ന് മാനേജ്മെന്റ് ഏകപക്ഷീയമായി അടച്ചുപൂട്ടുകയുണ്ടായി. പ്രശ്നപരിഹാരത്തിനായി ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും നടന്ന ചർച്ചകളുടെ തുടർച്ചയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 3-7-2013-ലും തുടർന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 10-9-2013-ലും ചർച്ചകൾ നടത്തി തീരുമാനങ്ങളെടുക്കുകയുണ്ടായി. എന്നാൽ തീരുമാനങ്ങൾ ഇതുവരെ നടപ്പിലായിട്ടില്ല. കമ്പനിയുടെ കൈവശത്തിലിരിക്കുന്നതും സർക്കാർ പാട്ടത്തിനു നൽകിയതുമായ ഭൂമി സർക്കാരിന് മാനേജ്മെന്റ് സറണ്ടർ ചെയ്യുക, ഭൂമി സർക്കാരിന് സറണ്ടർ ചെയ്യുന്ന സാഹചര്യത്തിൽ കമ്പനി തൊഴിലാളികൾക്ക് നൽകുവാൻ തയ്യാറായ കോമ്പൻസേഷൻ തുക നൽകുക, അധിക കോമ്പൻസേഷൻ വിഷയം യൂണിയനുകളുമായി സർക്കാർ ചർച്ച ചെയ്ത് തീരുമാനിക്കുക, സർക്കാരും മാനേജ്മെന്റും തമ്മിൽ കെട്ടിടങ്ങളുടെ വില സംബന്ധിച്ചും പാട്ടക്കുടിശ്ശിക സംബന്ധിച്ചും നിലനിൽക്കുന്ന കേസ്സുകൾ തുടരുക, കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുക എന്നിവയായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങൾ. കർണ്ണാടക ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സുകളിൽ മാനേജ്മെന്റിന്റെ കൂടെ ഗവൺമെന്റും കക്ഷി ചേർന്ന് ജോയിന്റ് പെറ്റീഷൻ ഫയൽ ചെയ്യണമെന്നും ഇതിനായി വ്യവസായ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നും കമ്പനിയുടെ അടച്ചു പൂട്ടിയ ബാഗ്ലൂർ യൂണിറ്റിലെ സാധനങ്ങളോ മെഷീനുകളോ കൊരട്ടിയിൽ കൊണ്ടുവന്ന് സൂക്ഷിക്കാൻ പാടില്ലെന്നുമായിരുന്നു ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങൾ. മേൽപ്പറഞ്ഞ രണ്ട് ചർച്ചകളിലേയും പ്രധാനപ്പെട്ട തീരുമാനങ്ങളൊന്നും ഇതുവരെ നടപ്പി ലായിട്ടില്ല. നിയമപരമായ കോമ്പൻസേഷൻ കൂടാതെ കമ്പനി അധികമായി നൽകാമെന്നേറ്റ 25000 രൂപ പോലും ഇതുവരെ നൽകിയിട്ടില്ല. അധിക കോമ്പൻസേഷൻ സംബന്ധിച്ച് യൂണിയനുകളുമായി ചർച്ച ചെയ്ത് പരിഹരി ക്കരിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന തീരുമാനങ്ങളിൽ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. കമ്പനി അടച്ചുപൂട്ടി യിട്ട് 2014 ജനുവരി 23-ന് ഒരു വർഷം തികയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും പട്ടിണിയും ജീവിത ദുരിതങ്ങ ളുമായി സംയുക്ത ട്രേഡ് യൂണിയനുകളുടെ ആഭിമുഖ്യത്തിൽ സമരമുഖത്ത് തുടരുന്ന തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കുവാനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഈ പ്രശ്നം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. പല പ്രാവശ്യം ഇതിന്റെ മീറ്റിംഗുകൾ ഞാനും

റവന്യൂ വകുപ്പുമന്ത്രിയും വിളിച്ചുകൂട്ടിയിട്ടുണ്ട്. ഭൂമിയുമായി ബന്ധപ്പെട്ട ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ, ഭൂമി ഗവൺമെന്റ് ഏറ്റെടുക്കുകയും കമ്പനി കൊടുക്കേണ്ട നഷ്ടപരിഹാരം ഗവൺമെന്റ് കൊടുക്കുകയും ചെയ്യുകയെന്ന നിലയിലാണ് പെതുവായ ധാരണയുണ്ടായിരുന്നത്. എന്നാൽ ഇതുസംബന്ധിച്ച് കർണ്ണാടക ഹൈക്കോടതിയിലാണ് കേസ് നില നിൽക്കുന്നത്. ആ കേസ്സിൽ തൊഴിലാളികളുടെ യൂണിയനുകളും കൂടി കക്ഷി ചേർന്നിട്ടുണ്ട്. പക്ഷേ, 10–9–2013–ലെ മീറ്റിംഗിന് ശേഷം ഹൈക്കോടതി യുടെ ഹിയറിംഗിന് ഈ കേസ്സ് വന്നിട്ടില്ല. 10–9–2013–ലാണ് അവസാനം യൂണിയനുകളുമായി റവന്യൂ വകുപ്പുമന്ത്രി ചർച്ച നടത്തിയത്. ആ ചർച്ച യുടെ അടിസ്ഥാനത്തിലുള്ള കാര്യങ്ങൾ പിന്നീട് കോടതിയിൽ വന്നിട്ടില്ല. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ ഗവൺമെന്റ് സജീ വമായി പരിഗണനയിലെടുത്ത പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കും. ഇനിയും ചർച്ചയ്ക്ക് വിളിക്കാൻ സാദ്ധ്യതയുണ്ടെന്ന് യൂണിയനുകൾക്ക് അഭി പ്രായമുണ്ടെങ്കിൽ അതിനും ഗവൺമെന്റ് തയ്യാറാണ്. ഗവൺമെന്റിന്റെ ഭാഗ ത്തുനിന്നും അക്കാര്യത്തിൽ എത്രയും വേഗത്തിൽ ഒരു തീരുമാനമുണ്ടാ ക്കാൻ സാദ്ധ്യമായ എല്ലാ സഹകരണവും നടപടികളുമുണ്ടാകുമെന്ന് വ്യക്ത മാക്കാൻ ആഗ്രഹിക്കുന്നു.

## ഖനനാനുമതി പിൻവലിക്കൽ

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, കാസർഗോഡ് ജില്ലയിലെ എന്റെ മണ്ഡലമായ കാഞ്ഞങ്ങാടിൽപ്പെട്ട കിനാനൂർ–കരിന്തളം പഞ്ചായത്തിലെ കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനം ചെയ്യുന്നതിന് മുബൈ ആസ്ഥാന

മായ ആശാപുര എന്ന സ്വകാര്യകമ്പനിക്ക് സർക്കാർ അനുമതി നൽകിയിരിക്കുന്നതായി അറിയുന്നു. ഇതിൽ പ്രതിഷേധിച്ച് പ്രദേശവാസികൾ ഇന്ന് നിയമസഭാമാർച്ച് നടത്തുകയാണ്. അവിടെ ഖനനം നടത്തിയാൽ വമ്പിച്ച പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുമെന്നും സമീപപ്രദേശത്തെ പുഴകൾ വരളുകയും ജലസ്രോതസ്സുകളെല്ലാം ഇല്ലാതാവുകയും ചെയ്യുമെന്ന അവസ്ഥയാണുള്ളത്. ഒരുനാട്ടിലെ ജനങ്ങളുടെ ജീവിതം തന്നെ ദുഷ്കരമായി തീരുന്ന സ്ഥിതിയാണ് വന്നിരിക്കുന്നത്. നാട്ടുകാരും ഇവിടെ പ്രവർത്തിക്കുന്ന മുഴുവൻ രാഷ്ട്രീയപാർട്ടികളും മറ്റ് സാമൂഹിക-സാംസ്ക്കാരിക പ്രസ്ഥാനങ്ങളുമെല്ലാം ഖനനത്തിനെതിരെ വലിയ പ്രക്ഷോഭത്തിന് തയ്യാറെടുത്ത് വന്നിരിക്കുകയാണ്. അതിന്റെ ഭാഗമാണ് ഇന്ന് നടക്കുന്ന നിയമസഭാ മാർച്ച്. ഈ സാഹചര്യത്തിൽ ആശാപുര കമ്പനിക്ക് നൽകിയ ഖനനാനുമതി പിൻവലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് ജനങ്ങളുടെ ഭീതിയകറ്റാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, കാസർഗോഡ് ജില്ലയിൽ കിനാനൂർ വില്ലേജിൽ ഉൾപ്പെടുന്ന 80.93 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ 25.4.2007-ലെ ഉത്തരവുപ്രകാരം ബോക്സൈറ്റ് ഖനനത്തിന് മെസേഴ്സ് ആശാപുര മിനറൽ ലിമിറ്റഡ്, മുംബൈ എന്ന കമ്പനിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മൈൻസ് ആന്റ് മിനറൽസ് ഡെവലപ്മെന്റ് ആക്ട് അനുസരിച്ചാണ് കൊടുത്തിരിക്കുന്നത്. ലീസ് കൊടുത്തെങ്കിലും പൊതുജനങ്ങളുടേയും പത്രങ്ങളുടേയും നേതൃത്വം വന്നതിനുശേഷം ആ കമ്പനിയെ മുന്നോട്ടുപോകാൻ

സർക്കാർ അനുവദിച്ചിട്ടില്ല. മാത്രമല്ല അവർ മറ്റ് ആനുകൂല്യങ്ങളൊന്നും കേന്ദ്രഗവൺമെന്റിൽ നിന്നും വാങ്ങിക്കൊണ്ടുവന്നിട്ടുമില്ല. അതുകൊണ്ട് കട ലാടിപാറ നിർദ്ദിഷ്ട ഖനന പദ്ധതിക്കെതിരെയുള്ള എതിർപ്പ് മാനിച്ചും, അതു പോലെ റവന്യൂ വകുപ്പ് അതിനെ സീറോ ലാന്റ് ലസ് സ്കീമിൽ ഉൾപ്പെടുത്ത ണമെന്ന് പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അതുമായി മുന്നോട്ടുപോ കാൻ അവരെ അനുവദിക്കണ്ട എന്നാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം നമ്മൾ അതിന് അനുവാദമൊന്നും കൊടുത്തിട്ടില്ല. അതുകൊണ്ട് മറ്റു പ്രക്ഷോഭത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. സി. ദിവാകരൻ : നൽകിയ അനുമതി നിയമപരമായി പിൻവലി ക്കുമോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പുഡയറക്ടറെ ചുമതപ്പെടുത്തിയിട്ടുണ്ട്. ആ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നോട്ടീസ് കൊടുത്ത് പിൻവലിക്കണമെങ്കിൽ പിൻവലിക്കാം

## കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. മുരളീധരൻ : സർ, കേരളത്തിലെ 37000–ത്തോളം വരുന്ന കെ.എസ്.ആർ.ടി.സി പെൻഷൻകാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിത ങ്ങൾ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാനും അവയ്ക്ക് അടയന്തിരപരിഹാരം കാണേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്താനുമാണ് ഞാൻ ഈ സബ്മി ഷൻ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. പി.എസ്.സി വഴി നിയമനം

നേടി നിയമപ്രകാരം പെൻഷന് അർഹതപ്പെട്ട ഇവർക്ക് സർക്കാർ സർവ്വീസിലെ മറ്റ് പെൻഷൻകാരെപ്പോലെ കൃത്യമായി പ്രതിമാസ പെൻഷൻ ലഭിക്കാത്തതിനാൽ ആഹാരത്തിനും മരുന്നിനും വകയില്ലാതെ വാർദ്ധക്യകാലത്ത് കഷ്ടപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ദാരിദ്ര്യമെന്ന നരകയാതന സഹിക്കവയ്യാതെ പാലക്കാട്ടുകാരനായ ഒരു കെ.എസ്.ആർ.ടി.സി പെൻഷൻകാരൻ ആത്മഹത്യ ചെയ്ത വിവരം നമുക്കെല്ലാപേർക്കും അറിവുള്ളതാണ്. 90%ത്തോളം പെൻഷൻകാരും ആരോഗ്യമുള്ള സമയത്ത് ജോലിചെയ്തു കിട്ടിയ ശമ്പളം മുഴുവൻ മക്കളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനുമായി മുടക്കി പെൻഷൻ എന്ന ജീവനോപാധിയെ ആശ്രയിക്കുന്നവരാണ്. പങ്കാളിത്തപെൻഷൻ നിലനിന്നിരുന്ന കെ.എസ്.ആർ.ടി.സിയിൽ 1.4.1984 മുതൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നൽകാൻ ഉത്തരവു നൽകിയത് കേരള സർക്കാരാണ്. പെൻഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി 2008 ജൂലൈ മാസം 30-ൽ പുറപ്പെടുവിച്ച ഉത്തരവിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകളും കോർപ്പറേഷനുകളും പൊതുമേഖലാ സ്ഥാപനങ്ങളും മാസത്തിന്റെ ആദ്യദിവസം തന്നെ പെൻഷൻ വിതരണം ചെയ്യണമെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത രീതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർവ്വീസിൽ നിന്നും വിരമിച്ചവരെ കെ.എസ്.ആർ.ടി.സി-യുടെ പരിതാപകരമായ അവസ്ഥയുമായി ബന്ധിപ്പിക്കുന്നതിൽ അർത്ഥമില്ല .കേരളത്തെപ്പോലെ തന്നെ മറ്റ് പല സംസ്ഥാനങ്ങളും കോടിക്കണക്കിന് രൂപ വർഷാവർഷം ഗതാഗതവകുപ്പിന് നൽകി, പാവപ്പെട്ടവന് പൊതുവിതരണം നിലനിർത്തുന്നതുപ്പോലെ, ഗതാഗതവും സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് തമിഴ്നാട്ടിൽ 2010-2011, 2011-2012

വർഷങ്ങളിൽ ഗതാഗത വകുപ്പിന്റെ നഷ്ടം യഥാക്രമം 1535.26 കോടി രൂപയും 991.16കോടി രൂപയുമാണ്. കേരളത്തിൽ കെ.എസ്.ആർ.ടി.സി. യുടെ 2010–2011–ലെ നഷ്ടം 379.32 കോടി മാത്രമാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി യുടെ 15.3.2013–ലെ പ്രഖ്യാപനപ്രകാരം കേവലം 24 കോടി രൂപയും ഇപ്പോൾ ബഡ്ജറ്റിൽ അത്യാസന്നനിലയിൽ നിന്നും രക്ഷിക്കുന്നതിന് എന്ന് പറഞ്ഞ് 100 കോടി രൂപയും ബസ്സുകൾ വാങ്ങാൻ 186 കോടി രൂപയുമുൾപ്പെടെ 310 കോടി രൂപ മാത്രമാണ് സർക്കാർ കെ.എസ്.ആർ.ടി.സി–ക്ക് നൽകിയ സഹായം. കേരളത്തിലെ മനുഷ്യാവകാശ കമ്മീഷന്റെ എച്ച്.ആർ.എം.പി. നമ്പർ 8388/2013 തീയതി 9.12.2013 എന്ന ഉത്തരവ് പ്രകാരം നാളിതുവരെ യുള്ള കുടിശ്ശിക ഉടൻതന്നെ നൽകാനും അതാതു മാസത്തെ പെൻഷൻ താമസം കൂടാതെ നൽകണമെന്നും സംസ്ഥാന സർക്കാരിനും കെ.എസ്.ആർ. ടി.സി ക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഈ ഉത്തരവിന്റെ പകർപ്പ് കെ. എസ്.ആർ.ടി.സി യിലെ പെൻഷൻകാർ മുഖ്യമന്ത്രിക്ക് സമർപ്പിച്ചതിനെത്തു ടർന്ന് 11.12.2013–ൽ നടന്ന മന്ത്രിസഭായോഗത്തിൽ പെൻഷൻ നൽകുന്നതി ലേയ്ക്ക് 75 കോടി രൂപ അനുവദിക്കുകയുണ്ടായെങ്കിലും നാളിതുവരെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്തിട്ടില്ല. മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി യിൽ എല്ലാമാസവും പെൻഷൻ മുട ക്കംകൂടാതെ നൽകുവാനും നിലവിലുള്ള കുടിശ്ശിക പെൻഷൻ കാലവിളമ്പം കൂടാതെ നൽകാനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട കെ. മുരളീധരൻ പറഞ്ഞ പൊതുവികാരത്തോട് ഞാൻ വിയോജിക്കുന്നില്ല. പക്ഷേ കേരളത്തിലെ കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക സ്ഥിതി ജനസമൂഹത്തിനറിയാം. അത് മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ചാണ് നമ്മൾ ആലോചിക്കുന്നത്. ആലോചിക്കുക എന്നുപറഞ്ഞാൽ കുറേ കാര്യങ്ങൾ ചർച്ച ചെയ്ത് പുതിയ ചില നടപടികൾ എടുക്കാനാണ് ശ്രമിക്കുന്നത്. 1955–ൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി –ൽ രണ്ട് വിഭാഗത്തിലുള്ള ജീവനക്കാരുണ്ടായിരുന്നു. ഒന്ന് പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന ആളുകളും മറ്റൊന്ന് പെൻഷൻ ലഭിക്കാതിരിക്കുന്ന ആളുകളും. 1984–ൽ കെ.എസ്.ആർ.ടി.സിയിൽ പെൻഷൻ കൊടുക്കാമെന്ന് തീരുമാനിച്ചു. അതിനുശേഷം കെ.എസ്.ആർ.ടി.സിയിൽ പെൻഷൻ നടപ്പാക്കുന്നതിനെതിരെ സർക്കാർ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിരുന്നില്ല. ടെക്നിക്കലാണ് പക്ഷേ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിരുന്നില്ല. പെൻഷൻ നൽകുന്നതിന് സർക്കാർ ഉത്തരവുകളൊന്നും ഇല്ലാതിരുന്നതുകൊണ്ട് കെ.എസ്.ആർ.ടി.സി യിൽ ഏർപ്പെടുത്തിയ പെൻഷൻ സ്റ്റാറ്റ്യൂട്ടറി പെൻഷനായി കണക്കാക്കാൻ കഴിയില്ല എന്നതാണ് ഒരു വാദഗതി. സർക്കാർ നിർദ്ദേശപ്രകാരമാണ് സർക്കാർ ജീവനക്കാർക്ക് സമാനമായി പെൻഷൻ കെ.എസ്.ആർ.ടി.സി–യിലും നടപ്പിലാക്കിയത്. കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തികശേഷി കണക്കിലെടുക്കാതെയാണ് പെൻഷൻ നൽകാൻ നിർദ്ദേശം നൽകിയത് എന്ന വാദഗതിയുണ്ടായിരുന്നു. ഏതായാലും ഇപ്പോൾ നമ്മൾ നൽകിക്കൊണ്ടിരിക്കുന്ന പെൻഷൻ കൊടുക്കുന്നതിന് ഒരു സോഷ്യൽ കമ്മിറ്റ്മെന്റ് ഉണ്ട്. ആ കമ്മിറ്റ്മെന്റ് പാലിച്ച്

മുന്നോട്ടുപോകാനേ കഴിയൂ. നിലവിൽ കെ.എസ്.ആർ.ടി.സി ക്ക് പ്രതിമാസം പെൻഷൻ വിതരണം നടത്തുന്നതിന് 36 കോടി രൂപ ആവശ്യമാണ് .കൂടാതെ മുൻകാലങ്ങളിൽ പെൻഷൻ നൽകുന്നതിനെടുത്ത വായ്പയുടെ തിരിച്ചടവിന ത്തിൽ 42 കോടി രൂപ പ്രതിമാസം നൽകേണ്ടി വരും അങ്ങനെവരുമ്പോൾ മൊത്തത്തിൽ 78 കോടി രൂപ പ്രതിമാസം ചെലവ് വരുകയാണ്. ഈ 78 കോടി രൂപ നമ്മുടെ കളക്ഷനകത്ത് നിന്ന് കൊടുക്കാനുള്ള സാമ്പത്തിക പ്രയാസമാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ പ്രതിമാസ ശമ്പളം നൽകുന്നതിനുള്ള വരുമാനമില്ലാത്തതിനാൽ ധനകാര്യ സ്ഥാപനമായ കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്ന് സർക്കാർ കടം വാങ്ങി ഓരോ മാസവും പെൻഷൻ നൽകാൻ പരമാവധി ശ്രമിക്കുന്നുണ്ട്. പണത്തിന്റെ ലഭ്യത കൃത്യമായി ഉറപ്പാക്കാൻ കഴിയാത്തതുകൊണ്ട് മുൻകൂ റായി വിതരണം ചെയ്യാൻ കോർപ്പറേഷന് സാധിച്ചിട്ടില്ല. എന്നിരുന്നാലും ഓരോ മാസവും പെൻഷൻ വിതരണത്തിനുള്ള തുക ലഭ്യമാക്കുന്നതിനും എത്രയും വേഗം പെൻഷൻ വിതരണം നടത്തണമെന്നുമുള്ള സമീപനമാണ് കെ.എസ്.ആർ.ടി.സി എടുത്തുവരുന്നത്. 2013-14 സാമ്പത്തികവർഷത്തിൽ കെ.റ്റി.ഡി.എഫ്.സി യിൽ നിന്ന് 360 കോടി രൂപ വായ്പ എടുക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. ഈ തുക ഒക്ടോബർ 2013 - ഓടുകൂടി പൂർണ്ണമായും വിതരണം ചെയ്യുന്നതടക്കമുള്ള ദൈനംദിന ആവശ്യ ങ്ങൾക്കായി ഉപയോഗിച്ചുകഴിഞ്ഞു. പെൻഷൻ വിതരണത്തിനായി കൂടുതൽ തുക അനുവദിക്കണമെന്ന് കെ.റ്റി.ഡി.എഫ്.സി യിൽ നിന്നും വായ്പ ആവ ശ്യപ്പെട്ടെങ്കിലും ഈ ആവശ്യത്തിനുവേണ്ടി കെ.റ്റി.ഡി.എഫ്.സി വായ്പ നൽകാൻ കഴിയില്ല എന്ന ഒരു നിലപാടാണ് എടുത്തിട്ടുള്ളത്. ഈ കാരണ

ത്താൽ നവംബർ–ഡിസംബർ മാസങ്ങളിലെ പെൻഷൻ വിതരണത്തിന് ചെറിയ തടസമുണ്ടായി. തുടർന്ന് കെ.എസ്.ആർ.ടി.സി. യിലെ കടുത്ത സാമ്പത്തികപ്രതിസന്ധി കണക്കിലെടുത്ത് ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിന് 75 കോടി രൂപ സർക്കാർ വായ്പയായി അനുവദിക്കുയുണ്ടായി. അതിൽ 36 കോടി രൂപ വിനിയോഗിച്ച് 19.12.2013 നവംബറിൽ പെൻഷൻ വിതരണം ചെയ്തുകഴിഞ്ഞു

പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച ഫണ്ടിൽ നിന്ന് 25 കോടിരൂപ പെൻഷൻ വിതരണം ചെയ്യുന്നതിനായി വിനിയോഗിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി അനുമതി നൽകുകയും മേൽപ്പടി തുക ഉപയോഗിച്ച് ഡിസംബർ മാസത്തെ പെൻഷൻ തുക, 8500 രൂപവരെയുള്ള പെൻഷൻകാർക്ക് പൂർണ്ണമായും 8500 രൂപയിൽ കൂടുതൽ തുക ലഭിക്കുന്നവർക്ക് 8500 രൂപയായി നിജപ്പെടുത്തിയും വിതരണം നടത്തിയിട്ടുണ്ട്. ആ ഇനത്തിൽ ഇരുപത്തിയഞ്ചുകോടി എൺപത്തിയൊൻപതുലക്ഷത്തി എഴുപത്തിഎണ്ണായിരത്തി ഇരുന്നൂറ്റി അറുപത്താറുരൂപ (25,89,78,266) രൂപ കോർപ്പറേഷൻ ചെലവിടുകയുണ്ടായി. ഡിസംബർ മാസത്തെ കുടിശ്ശികയായി വിതരണം ചെയ്യാനുള്ള പെൻഷനും ജനുവരി മാസത്തെ പെൻഷനും കോർപ്പറേഷന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ സർക്കാരിന് നൽകാൻ നിവൃത്തിയില്ലാത്ത സാഹചര്യം വന്നപ്പോൾ അത് കൊടുക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തികസഹായത്തിനുവേണ്ടി ഗവൺമെന്റിനെ സമീപിച്ചു. 2013-2014 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.

ആർ.ടി.സി. ക്ക് മൂലധന വായ്പയായി 125 കോടിരൂപയും പദ്ധതി വിഹിത മായി 55 കോടിരൂപയുമാണ് വകയിരുത്തിയിരുന്നത്. ഇതിനുപുറമെ കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പശ്ചാത്തല ത്തിൽ 200 കോടിരൂപ അധിക സഹായമായി ഗവൺമെന്റിൽ നിന്ന് ലഭിക്കു കയുണ്ടായി. മൊത്തത്തിൽ 384 കോടി രൂപ ഗവൺമെന്റിൽ നിന്ന് ഒരു സർവ്വകാല റെക്കോർഡ് പോലെയാണ് ലഭിച്ചത്. പദ്ധതി വിഹിതമായി അനു വദിച്ച തുക പൂർണ്ണമായും വിവിധ പദ്ധതികൾക്കായി വിനിയോഗിച്ചുകഴി ഞ്ഞു. ബഡ്ജറ്റിൽ വായ്പയായി ലഭിച്ചിരിക്കുന്ന മുഴുവൻ തുകയും അധിക സഹായമായി പ്രഖ്യാപിച്ച തുകയിൽ 150 കോടിരൂപയും പൂർണ്ണമായും കോർപ്പറേഷൻ വിനിയോഗിച്ചുകഴിഞ്ഞു. ഇതിനുപുറമെ 10 കോടിരൂപ ഡീസൽ സബ്സിഡിയായി അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതെല്ലാം കൂടി കൂട്ടു മ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ സാമ്പത്തിക വിഷമങ്ങളാണ് നില നിൽക്കുന്നത്. എന്നാലും കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. ബഹുമാനപ്പെട്ട കെ. മുരളീധരൻ പറ ഞ്ഞതുപോലെ ഡീൽ ചെയ്യുന്ന ജനവിഭാഗം വളരെ കഷ്ടപ്പാട് അനുഭവിക്കു ന്നവരാണ്. ഒരു നേരത്തെ മരുന്നുവാങ്ങാൻ നിവൃത്തിയില്ലാത്തവരും പ്രായാ ധിക്യമുള്ളവരും വൈഷമ്യമുള്ളവരുമാണെന്ന പരിഗണനയിൽ കഴിയുന്നത്ര മാർദ്ദവത്തോടുകൂടിയ ഒരു സമീപനമാണ് സ്വീകരിക്കാൻ ആഗ്രഹിക്കുന്നത്. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മൂലമാണ് പെൻഷൻ വിതരണം താമസിച്ചത്. കെ.എസ്.ആർ.ടി.സി.-യുടെ നവീകരണം സംബ ന്ധിച്ച ഒരു പുനരുദ്ധാരണ പാക്കേജ് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുക

യാണ്. ഇതിന്റെ ഭാഗമായി എൽ.ഐ.സി.പോലെയുള്ള സ്ഥാപനങ്ങളുമായി വളരെ ഗൗരവതരമായ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. പെൻഷൻ ബാദ്ധ്യതകളെല്ലാം എൽ.ഐ.സി.യുമായി ബന്ധപ്പെടുത്തി കൊടുക്കാൻ കഴിയുമോ എന്നുള്ളത് ഒരു ഉന്നതതല ചർച്ചയുടെ അവസാന ഘട്ടത്തിൽ നിൽക്കുകയാണ്. ഗവൺമെന്റിന്റെ പൂർണ്ണമായ സഹായത്തോടുകൂടി അത് നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സാമ്പത്തികമായി വളരെ ക്ലേശിക്കുന്ന കെ.എസ്.ആർ.ടി.സി.-യെ രക്ഷിച്ചെടുക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നതെന്നുള്ള കാര്യം അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ ഒരുപോലെ അംഗീകരിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

**ആദിവാസികൾക്ക് ഭൂമി നൽകൽ**

ശ്രീ. റ്റി.യു. കുരുവിള: സർ, കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ വാരിയംകുടി, ഉരുളൻപെട്ടി തുടങ്ങി ഒമ്പത് ആദിവാസി കുടികളിൽ നിന്നും 218 കുടുംബാംഗങ്ങൾ കാട്ടുമൃഗങ്ങളുടെ നിരന്തരമായ അക്രമത്തെത്തുടർന്ന് ജീവിക്കുവാൻ നിർവ്വാഹമില്ലാതെ കണ്ടൻപാറയിൽ വന്ന് കുടിൽകെട്ടി യാതൊരു സുരക്ഷിതവുമില്ലാതെ ജീവിക്കാൻ തുടങ്ങിയിട്ട് വളരെ നാളുകളായി. ഇവരുടെ കഷ്ടപ്പാടുകൾ നിരവധി തവണ ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 19-09-2012, 01-12-2012, 27-12-2012 എന്നീ തീയതികളിൽ മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ ഇതുവരെ പരിഹരിക്കുകയുണ്ടായില്ല. വീണ്ടും 07-11-2013-ൽ മുഖ്യമന്ത്രി,

ബഹുമാനപ്പെട്ട പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി, ഇടുക്കി എം.പി. തുടങ്ങി മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ഇതുവരെ നടപ്പാക്കിയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. വാരിയംകുടി, ഉരുളൻപെട്ടി എന്നിവിടങ്ങളിൽ നിന്നിറങ്ങിയവർ കണ്ടൻപാറ പുഴതീരത്ത് പ്രാഥമിക ആവശ്യങ്ങൾക്ക് പോലും സൗകര്യവുമില്ലാതെ, ഷെഡ്ഡുകളിൽ യാതൊരു സുരക്ഷിതവുമില്ലാതെ, ദുരിതപൂർണ്ണമായ ജീവിതത്തെ സംബന്ധിച്ച രംഗങ്ങൾ ഉൾപ്പെടുത്തി മാധ്യമങ്ങളിൽ വന്ന വാർത്തകൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഉദ്യോഗസ്ഥരുടെ അനാസ്ഥ ഇപ്പോൾ ആദിവാസികളുടെ ഇടയിൽ വലിയ പ്രശ്നമായി നിൽക്കുന്ന സാഹചര്യത്തിൽ മുൻ തീരുമാനമനുസരിച്ച് ഉരുളൻപെട്ടിയിൽ നല്കുവാൻ സമ്മതിച്ചിരിക്കുന്ന സ്ഥലത്ത് അവർക്ക് താൽക്കാലിക ഷെഡ് കെട്ടുന്നതിനുള്ള അനുവാദം നൽകണമെന്നാണ് ഈ സബ്മിഷൻ വഴി ഞാൻ ആവശ്യപ്പെടുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ വാരിയംകുടി, ഉരുളൻപെട്ടി പട്ടികവർഗ്ഗ സങ്കേതത്തിൽ 218 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്. ഈ കുടുംബാംഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഇവർ കൈവശം വച്ചനുഭവിച്ചുവന്ന 939 ഏക്കർ സ്ഥലത്തിനുപകരം കണ്ടൻപാറയിലെ 523 ഏക്കർ ഭൂമി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിരുന്നു. വനം വകുപ്പിനുകീഴിലുള്ള ഭൂമിയാണ് വിട്ടുനൽകുന്നത്. വനസംരക്ഷണനിയമം 1980 പ്രകാരം നെറ്റ്

പ്രസന്റ് വാല്യു, കോസ്റ്റ് ഓഫ് കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ എന്നിവ ഒടുക്കേണ്ടതുണ്ട്. യൂസർ ഏജൻസിയായ പട്ടികജാതി വികസന വകുപ്പ് നെറ്റ് പ്രസന്റ് വാല്യു, കോസ്റ്റ് ഓഫ് കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ എന്നിവ അടയ്ക്കാതിരിക്കുന്നതിനാൽ അടയ്ക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടു. 07-11-2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പട്ടിക വർഗ്ഗക്കാരുടെ കൈവശമുള്ള 939 ഏക്കർ നിബിഡ ഭൂമിക്ക് പകരമായി വനം വകുപ്പിന്റെ കീഴിലുള്ള 523 ഏക്കർ ഭൂമി നൽകുന്നതിനായി നെറ്റ് പ്രസന്റ് വാല്യു, കോസ്റ്റ് ഓഫ് കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ എന്നിവയിൽ നിന്നും പ്രസ്തുത പദ്ധതിയെ ഒഴിവാക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചതിലൂടെ ആ വിവരം കേന്ദ്രഗവൺമെന്റിനെ അറിയിക്കാൻ തീരുമാനിച്ചു. ഇതിനാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം ഈ പ്രൊപ്പോസൽ 31-12-2013-ൽ സർക്കാരിന് ലഭിച്ചു. അത് കേന്ദ്രമന്ത്രാലയത്തിന് അയച്ചുകൊടുക്കുന്നതാണ്.

## റെഗുലേറ്റർ കം-ബ്രിഡ്ജ്

പ്രൊഫ.സി. രവീന്ദ്രനാഥ്: സർ, ചിമ്മിനി ഡാമിലെ ജലം പൂർണ്ണമായും ഉപയോഗിക്കുന്നതിനാവശ്യമായ സംവിധാനങ്ങളെക്കുറിച്ചാണ് എന്റെ സബ്മിഷൻ. കേരളത്തിലെ എല്ലാ ഡാമുകളിലും വെള്ളമില്ലാത്തപ്പോഴും ചിമ്മിനി ഡാമിൽ സമൃദ്ധമായി ജലം ഉണ്ടായിരിക്കും. ശേഖരിക്കുന്ന വെള്ളത്തിന്റെ നാൽപ്പതു ശതമാനവും ഉപയോഗശൂന്യമായി ചിമ്മിനി ഡാമിൽ നിന്നും നഷ്ടപ്പെടുന്നു. കുറുമാലിപ്പുഴയിൽ ചിമ്മിനി പ്രോജക്ടിൽ വിഭാവനം ചെയ്ത

റെഗുലേറ്റർ–കം–ബ്രിഡ്ജുകൾ ഇപ്പോഴും പൂർത്തിയായിട്ടില്ല എന്നതാണ് ഈ പ്രശ്നത്തിന് കാരണം. കന്നാറ്റുപാടം, കാരികുളം, തോട്ടുമുഖം, വാസുപുരം, കാനത്തോട് എന്നിവിടങ്ങളിൽ ലക്ഷക്കണക്കിന് രൂപ ചെലവ് ചെയ്ത് എല്ലാ വർഷവും മൺചിറകൾ കെട്ടിവരികയാണ്. മണ്ണിന്റെ ലഭ്യതയുടെയും പാരിസ്ഥിതിക പ്രശ്നങ്ങളുടെയും തടസ്സങ്ങൾ മൂലം താൽക്കാലിക ചിറകൾ കെട്ടുന്നത് പ്രതിസന്ധിയിലാണ്. ഈ വർഷം പ്രശ്നം വളരെ ഗുരുതരമായിരുന്നു. ഇപ്പോഴും താൽക്കാലിക ചിറകൾ കെട്ടിയിട്ടില്ല. ഈ പ്രദേശങ്ങളിലെല്ലാം റെഗുലേറ്റർ–കം–ബ്രിഡ്ജ് പണിയാൻ എസ്റ്റിമേറ്റുകൾ സഹിതം നിർദ്ദേശങ്ങളുണ്ട്, 'MIRPA'യിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായിരുന്നു. ആറ്റിപ്പള്ളി റെഗുലേറ്റർ–കം–ബ്രിഡ്ജിന്റെ പണി പൂർത്തിയാകാതെ കിടക്കുന്നു. ചിമ്മിനി ഡാമിലെ സമൃദ്ധമായ ജലം പൂർണ്ണമായിട്ടം ഉപയോഗിക്കാവുന്ന വിധം നിർദ്ദേശിക്കപ്പെട്ട റെഗുലേറ്റർ–കം–ബ്രിഡ്ജുകളുടെ പണികൾ ഒരു മാസ്റ്റർ പ്ലാൻ വഴി ആരംഭിക്കുവാനും പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u>: സർ, ചിമ്മിനി ഡാമിലെ ജലം പൂർണ്ണമായും ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചുവരികയാണ്. ആറ്റിപ്പള്ളി റെഗുലേറ്റർ പണിയിൽ കാലതാമസം നേരിട്ടതിനാൽ 31-03-2012 മുതൽ നബാർഡിന്റെ സാമ്പത്തിക സഹായം നിർത്തലാക്കിയിരുന്നു. എഴുപത് ശതമാനം പണി പൂർത്തിയാക്കാൻ മാത്രമേ സാധിച്ചിട്ടുള്ളു. ബാക്കി പണികൾക്കുവേണ്ടി 2012–ലെ ഷെഡ്യൂൾ പ്രകാരം ആറുകോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ഭരണാനുമതി ലഭിച്ചശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. തോട്ടുമുഖം, കന്നാറ്റുപാടം, താരുകുളം, കാനത്തോട് എന്നീ റെഗുലേറ്റർ-കം-ബ്രിഡ്ജുകളുടെ ഡിസൈൻ തയ്യാറാക്കിയതനുസരിച്ചുള്ള പുതിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കി പരിശോധിച്ചുവരുന്നു. ആറ്റിപ്പള്ളി റെഗുലേറ്ററിന്റെ മുകൾ ഭാഗത്ത് ഏകദേശം രണ്ടുകിലോമീറ്റർ അകലത്തിലാണ് വാസുപുരം ചിറ സ്ഥിതി ചെയ്യുന്നത്. ആറ്റിപ്പള്ളി റെഗുലേറ്ററിന്റെ പണി പൂർത്തിയായി അതിൽ വെള്ളം സംഭരിച്ചു തുടങ്ങിയാൽ വാസുപുരം റെഗുലേറ്റർ-കം-ബ്രിഡ്ജിന് പ്രസക്തിയില്ല.

## വേടർ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുത്തൽ

ശ്രീ. വർക്കല കഹാർ: സർ, നമ്മുടെ സംസ്ഥാനത്തെ വേടർ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ.

മി. സ്പീക്കർ: കഴിഞ്ഞ സഭയിലും അങ്ങ് ഇക്കാര്യം അവതരിപ്പിച്ചിട്ടുണ്ട്. ഞാനത് മന്ത്രിയെ ഒന്നുകൂടി ഓർമ്മിപ്പിച്ചതാണ്.

ശ്രീ. വർക്കല കഹാർ: സർ, എന്റെയും അദ്ദേഹത്തിന്റെയുമൊക്കെ അയൽക്കാരായ വളരെയേറെ ആളുകൾ ഈ സമൂഹത്തിൽപ്പെട്ടവരാണ്. നമ്മുടെ വനംപ്രദേശങ്ങളിൽനിന്നും മലമ്പ്രദേശങ്ങളിൽനിന്നും പല ഘട്ടങ്ങളിലായി നമ്മുടെ നാട്ടിൽ വന്ന് scattered ആയി ജീവിക്കുന്ന ഒരു വിഭാഗമാണ് ഇവർ. നമ്മുടെ സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും മറ്റെല്ലാതലങ്ങളിലും ഏറ്റവും ദയനീയമായ ജീവിതരീതിയാണ് ഇവർക്കുള്ളത്. ഇപ്പോൾ വേടർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ബഹുഭൂരിപക്ഷം

ആളുകളും സ്വന്തമായി വീടില്ലാത്തവരാണ്. ഉള്ള ചെറ്റമാടങ്ങളിലാകട്ടെ അഞ്ചും എട്ടും കുടുംബങ്ങളാണ് ഒരുമിച്ച് താമസിക്കുന്നത്. ഏറ്റവും ചൂഷണ ത്തിന് വിധേയരാകുന്നവരാണ് ഇവരിൽ ബഹുഭൂരിപക്ഷമാളുകളും. 50 വയസ്സിൽ കൂടുതൽ ജീവിക്കുന്നവർ വളരെ കുറവാണ്. കുഞ്ഞുങ്ങൾ മിക്ക വരും സ്കൂളുകളിൽ പോകാറില്ല. ഒട്ടും ആരോഗ്യമില്ലാതെ വിളറിവെളുത്ത് വീടുകളിൽ കഴിയുന്ന കുട്ടികളിൽത്തന്നെ ഭൂരിപക്ഷവും രോഗികളാണ്. ജീവിത സാഹചര്യങ്ങൾ അത്തരത്തിലുള്ളതാണ്. അകാലത്തിൽ മരണമട യുന്ന ഇവരുടെ കൃത്യമായ സെൻസസ് പോലുമില്ല. അത് എടുക്കാനുള്ള സംവിധാനമുണ്ടാക്കണം. അതോടൊപ്പംത്തന്നെ അവരുടെ ജീവിത സുരക്ഷ ഉറപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവതരമായി ആലോചിക്കുകയും അതിനുവേണ്ടി ഒരു പാക്കേജ് ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യണം. ഇത്തരം സാഹചര്യങ്ങൾ കണക്കിലെടുത്ത് ഈ വിഭാഗത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള സത്വരമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകു പ്പുമന്ത്രി ശ്രീ. എ.പി. അനിൽ കുമാർ: സർ, ഭരണഘടനയിലെ ആർട്ടിക്കിൾ 342(2) പ്രകാരം ഒരു സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയി ലുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് പാർലമെന്റാണ്. ഇക്കാര്യത്തിൽ ശുപാർശ സമർപ്പിക്കാനുള്ള അധികാരം മാത്രമേ സംസ്ഥാന സർക്കാരിനുള്ളൂ. ബഹുമാനപ്പെട്ട അംഗം മുമ്പും ഈ സഭയിലും സഭയ്ക്ക് പുറത്തുവച്ചും വേടർ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെടുത്തുന്ന

കാര്യത്തെക്കുറിച്ച് പലതവണ സംസാരിച്ചിട്ടുള്ളതാണ്. മൂന്നുപ്രാവശ്യം സംസ്ഥാന ഗവൺമെന്റ് ഈ വിഭാഗത്തെ പട്ടികവർഗ്ഗ പട്ടികയിലുൾപ്പെടുത്ത ണമെന്ന നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് നൽകിയതാണ്. പക്ഷെ അപ്പോ ഴൊക്കെ കേന്ദ്ര സർക്കാർ ഈ അപേക്ഷ നിരസിച്ചിരുന്നു. ഗവൺമെന്റിന്റെ താൽപ്പര്യം നിർബന്ധമായും ഈ വിഭാഗത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നുതന്നെയാണ്. അത് ശുപാർശ ചെയ്യുന്നതിനുള്ള നട പടിക്രമങ്ങൾ ഏതാണ്ട് പൂർത്തിയായി വരികയാണ്. അടുത്ത മന്ത്രിസഭാ യോഗത്തിൽത്തന്നെ ഇത് സമർപ്പിക്കുവാനും ഈ ഒരു തീരുമാനം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനുള്ള നടപടി സ്വീകരിക്കുമെന്നറിയിക്കാൻകൂടി ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്.

## കസ്തൂരിരംഗൻ റിപ്പോർട്ട്

ശ്രീ. സി. മോയിൻകുട്ടി: സർ, വയനാട് ചുരം ബദൽ റോഡ് വളരെ അടിയന്തരമായി യാഥാർത്ഥ്യമാക്കണമെന്നതാണ് എന്റെ ഈ സബ്മിഷൻ. പരിസ്ഥിതി ദുർബലപ്രദേശവുമായി ബന്ധപ്പെട്ട വിഷയത്തിൽ വയനാട് ചുരം ബദൽ റോഡിന്റെ സാദ്ധ്യത മങ്ങിയതായി ചില പത്രമാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൂടി ഇതിനാധാരമായി ഞാൻ ഇവിടെ വിശദീകരിക്കുകയാണ്. ഒരുദിവസം പതിനായിരത്തിലധികം വാഹനങ്ങൾ ചുരമിറങ്ങുന്ന വയനാട് ചുരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായി നേരത്തെ പ്രഖ്യാപിച്ച തുപോലെ അഞ്ച് ബദൽറോഡുകളിൽ ഏറ്റവും മുൻഗണന നൽകിയിട്ടുള്ള ബദൽ റോഡാണിത്. പശ്ചിമഘട്ട ദുർബലപ്രദേശമായി നോട്ടിഫൈ ചെയ്ത പ്രദേശങ്ങളിലൂടെയാണ് ഈ ബദൽ ചുരം റോഡുള്ളത്. അങ്ങേയ്ക്കറിയാ വുന്നതുപോലെ അതിരൂക്ഷമായ ഗതാഗത കുരുക്കാണിവിടെ അനുഭവപ്പെടു

ന്നത്. ഓരോ ദിവസവും നിരന്തരമായി അപകടങ്ങൾ സംഭവിച്ചുക്കൊണ്ടിരിക്കുകയാണ്. 2011 ആഗസ്റ്റ് മാസത്തിലും 2012 ജൂൺ മാസത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തിയിട്ടുള്ളതാണ്. ഈ റോഡ് രണ്ട് ജില്ലകൾ ബന്ധിപ്പിക്കുന്നതാണ്. 29-ാം മൈൽ- വയനാടൻ ചുരത്തിലെ ചിപ്പിലിത്തോട്, മരുതിലാവ്, തളിപ്പുഴവഴിയാണ് ഈ റോഡ് കടന്നുപോകേണ്ടത്. എട്ടേമുക്കാൽ ഹെക്ടർ സ്ഥലം കോഴിക്കോട് ജില്ലയിലും 5 ഹെക്ടർ സ്ഥലം വയനാട് ജില്ലയിലും വനഭൂമി വിട്ടുകിട്ടേണ്ടതുണ്ട്. ഭൂമി വിട്ടുകിട്ടുന്നതിനാവശ്യമായ തീരുമാനങ്ങളെടുക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിലിടപ്പെടുകയും ചെയ്യുമെന്ന് ഉറപ്പ് നൽകിയിട്ടുള്ളതാണ്. അടിയന്തരമായി ഭൂമി വിട്ടുകിട്ടാനും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനും സാധിക്കണം. എൻ.എച്ച് 212 എന്നുപറയുന്നത് അന്തർ സംസ്ഥാന റോഡാണ്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ വളരെ ഗൗരവമുള്ള ഒരു വിഷയമാണിത്. പതിനായിരക്കണക്കിന് വാഹനങ്ങൾ ഓരോ ദിവസവും കടന്നുപോകുന്ന ഈ റോഡിന്റെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഇക്കാര്യത്തിലിടപെടുകയും വേണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയിൽനിന്ന് അനുകൂലമായ ഒരു പ്രതികരണം ഞാൻ പ്രതീക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ദേശീയപാത 212-ന്റെ ഭാഗമായ താമരശ്ശേരി ചുരം റോഡിന് ബദലായി കോഴിക്കോട് ജില്ലയിലെ ചിപ്പിലിത്തോട്ടിൽ നിന്നാരംഭിച്ച് വയനാട് ജില്ലയിലെ

തളിപ്പുഴയിലവസാനിക്കുന്നതാണ് 14.34 കിലോമീറ്റർ ദൈർഘ്യമുള്ള നിർദ്ദിഷ്ട ചുരം ബദൽ റോഡ്. പ്രസ്തുത റോഡ് പരിസ്ഥിതി ദുർബല പ്രദേശങ്ങളിലൂടെയും സംരക്ഷിത വനഭൂമിയിലൂടെയുമാണ് കടന്നുപോകുന്നത്. ഈ പാതയുടെ നിർമ്മാണത്തിന് ഏകദേശം 16.85 ഹെക്ടർ വനഭൂമി ആവശ്യമായിട്ടുണ്ട്. പരിസ്ഥിതി ദുർബലപ്രദേശത്തിലൂടെയും സംരക്ഷിത വനഭൂമിയിലൂടെയും കടന്നുപോകുന്നതിനാൽ പ്രസ്തുത പാതയ്ക്ക് കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നിർദ്ദിഷ്ട ചുരം ബദൽ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി ദൂരീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വിഖ്യാതമായ ഗുരുവായൂർ ക്ഷേത്രനഗരി ഈയിടെയായി വലിയ ഗതാഗതകുരുക്കിനെ നേരിടുകയാണ്. ഓരോ ദിവസവും ആയിരകണക്കിന് വാഹനങ്ങളാണ് ഗുരുവായൂരിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. അവിടെ റെയിൽവേ ക്രോസ് ഒരു ദിവസം 38 തവണയാണ് അടയ്ക്കേണ്ടിവരുന്നത്. ഇതുമൂലമാണ് ഗതാഗതകുരുക്കുണ്ടാകുന്നത്. ഗുരുവായൂർ കിഴക്കേനടയിൽ റെയിൽവേ മേൽപ്പാലം പണിയുകയെന്നുള്ളതാണ് ഏക പോംവഴി. റെയിൽവേ ഇതിന് അനുമതി നൽകിയിട്ടുണ്ട്. ഏകദേശം 22 കോടി രൂപയാണ് നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്നത്. മേൽപ്പാലം നിർമ്മിക്കണമെങ്കിൽ ഏകദേശം 11 സെന്റ് ഭൂമി ഏറ്റെടു

ക്കേണ്ടിവരും. 22 കോടി രൂപയിൽ റെയിൽവേ നൽകുന്ന വിഹിതം കുറച്ച് ബാക്കിവരുന്ന സംഖ്യ സംസ്ഥാന ഗവൺമെന്റ് വഹിക്കണം, അതിനുള്ള ഭരണാനുമതി ബഹുമാനപ്പെട്ട സംസ്ഥാന ഗവൺമെന്റ് നൽകണമെന്ന അഭ്യർത്ഥനയാണ് എനിക്ക് അങ്ങയുടെ മുമ്പാകെ സമർപ്പിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഗുരുവായൂർ റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണം 2012–13–ലെ റെയിൽവെയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ നിർമ്മാണച്ചുമതല റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. 22.5 കോടി രൂപയാണ് നിർമ്മാണചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 181.6 ലക്ഷം രൂപ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയാണ്. 12 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. നിർമ്മാണം കഴിയുമ്പോൾ റെയിൽവെയുടെ വിഹിതമായി 975 ലക്ഷം രൂപ ലഭ്യമാകുന്നതാണ്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പുത്തൻതോപ്പ് പാലം

ശ്രീ. വി. ശശി: സർ, എന്റെ നിയോജക മണ്ഡലത്തിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ പാർവ്വതിപുത്തനാർ തോടിനുകുറുകെ 1952–ൽ സ്ഥാപിച്ച പുത്തൻതോപ്പ് പാലം തകർന്നുപോയതിനാൽ ഇപ്പോൾ ആ സ്ഥലം സന്ദർശിച്ച ഉദ്യോഗസ്ഥർ അതുവഴിയുള്ള ഗതാഗതം നിരോധിച്ചിരിക്കുകയാണ്. ആ പ്രദേശത്തെ ജനങ്ങൾ അവരുടെ യാത്രാ സൗകര്യങ്ങൾ മുടങ്ങിയ

തിനാൽ വളരെ പ്രതികൂലമായ സാഹചര്യമാണ് നേരിടുന്നത്. അതിനടുത്താണ് പുത്തൻതോപ്പ് കമ്മ്യൂണിറ്റി ഹാൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, എന്നിവ പ്രവർത്തിക്കുന്നത്. കൂടാതെ പല സ്കൂളുകളും കോളേജുകളും ആ പരിസരത്തുണ്ട്. അവിടേയ്ക്ക് എത്തിച്ചേരാൻ ജനങ്ങൾക്ക് വളരെ ദൂരം സഞ്ചരിക്കേണ്ട ഒരു സാഹചര്യമാണുള്ളത്. ആ സ്ഥലം സന്ദർശിച്ച് പി.ഡബ്ല്യൂ.ഡി.യുടെ ഉദ്യോഗസ്ഥന്മാർ വളരെ വേഗം അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ആ പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നാണ് അവിടെ കൂടിയ സർവ്വകക്ഷിയോഗത്തിന് മുമ്പാകെ സൂചിപ്പിച്ചത്. ആ നടപടി എത്രത്തോളമായി, കഴിയുന്നതും വേഗം ആ പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ പാർവ്വതിപുത്തനാർ തോടിനുകുറുകെ 1952-ൽ നിർമ്മിച്ച പുത്തൻതോപ്പ് പാലം അമിതഭാരം കയറ്റിയ വാഹനം കടന്നുപോയതിനാൽ 28-11-2013-ൽ വാഹനഗതാഗതം സാദ്ധ്യമാകാത്ത രീതിയിൽ തകർന്നുപോയി. അപകടാവസ്ഥയിലായ പാലം പുനർനിർമ്മിക്കുന്നതിനുവേണ്ടി 2.5 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് 02-12-2013-ൽ ഭരണാനുമതി നൽകുകയുണ്ടായി. അതിൻപ്രകാരം റൂബി സോഫ്ട് എന്ന കരാറുകാരൻ 05-12-2013-ൽ എഗ്രിമെന്റ് വച്ച് ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തിയാക്കി. ഡീറ്റെയിൽഡ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പാലത്തിന്

ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. പാലത്തിന്റെ ഡിസൈൻ പൂർത്തിയായാലുടൻതന്നെ പാലത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസ്സുകൾ)